**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1397** | **19-06-2024 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയും ഡ്രൈ ഡേ നിയന്ത്രണങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഡ്രൈ ഡേ നിയന്ത്രണങ്ങൾ സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഡ്രൈ ഡേ നിയന്ത്രണം ഒഴിവാക്കണം എന്ന ഒരു ശിപാർശയും ടൂറിസം വകുപ്പ് മുന്നോട്ടു വച്ചിട്ടില്ല. സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് കേരള ട്രാവൽ മാർട്ട് സൊസൈറ്റി, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസ്സിഫൈഡ് ഹോട്ടൽസ് ഓഫ് കേരള തുടങ്ങിയ സംഘടനകൾ സർക്കാരിൽ വ്യത്യസ്ത നിവേദനങ്ങൾ സമർപ്പിച്ചിരുന്നു. ചീഫ് സെക്രട്ടറി വകുപ്പ് സെക്രട്ടറിമാരുമായി നടത്തിയ യോഗത്തിൽ ടൂറിസം വ്യവസായ വികസനത്തെ സംബന്ധിച്ച് ടൂറിസം വകുപ്പ് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി കുറിപ്പ് സമർപ്പിക്കണമെന്ന് ടൂറിസം വകുപ്പ് സെക്രട്ടറിക്ക് ചീഫ് സെക്രട്ടറി നിർദ്ദേശം നൽകിയിരുന്നു. ഈ സാഹചര്യത്തിൽ 21.05.2024 ൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ കേരള ട്രാവൽ മാർട്ട് സൊസൈറ്റി, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽ അസോസിയേഷൻ, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസ്സിഫൈഡ് ഹോട്ടൽസ് ഓഫ് കേരള, ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ ഓഫ് കേരള, കേരള ടൂറിസം ഡെവലപ്പ്മെന്റ് അസോസിയേഷൻ, സൗത്ത് കേരള ഹോട്ടൽ അസോസിയേഷൻ, കേരള ഹൗസ് ബോട്ട് ഓണേഴ്സ് ഫെഡറേഷൻ എന്നീ സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ഓൺലൈൻ യോഗം ചേരുകയുണ്ടായി . പ്രസ്തുത യോഗത്തിൽ വിനോദസഞ്ചാര മേഖലയെ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട MICE (Meetings Incentive Convention Exhibitions) വെഡ്ഡിങ് ഡെസ്റ്റിനേഷൻ , ഹൗസ് ബോട്ട് മേഖല, ക്രൂയിസ് ടൂറിസം, എന്നിവ സംബന്ധിച്ച പരാതികൾ, |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ എന്നിവ ചർച്ച ചെയ്യുകയുണ്ടായി . <u>യോഗത്തിൽ പങ്കെടുത്തവർ</u><br><br>ശ്രീമതി ശിഖ സുരേന്ദ്രൻ IAS , ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്<br><br>ശ്രീ. ജോസ് പ്രദീപ് (പ്രസിഡന്റ്, കേരള ട്രാവൽ മാർട്ട് സൊസൈറ്റി)<br><br>ശ്രീ. എസ്. സ്വാമിനാഥൻ (സെക്രട്ടറി, കേരള ട്രാവൽ മാർട്ട് സൊസൈറ്റി)<br><br>ശ്രീ. രാജു കുന്നമ്പുഴ (ഇവന്റ് മാനേജ്മെന്റ് അസ്സോസിയേഷൻ ഓഫ് കേരള)<br><br>ശ്രീ. ജോബിൻ ജോസഫ് , കേരള ഹൗസ്ബോട്ട് ഓണേഴ്സ് ഫെഡറേഷൻ)<br><br>ശ്രീ. കോട്ടുകാൽ കൃഷ്ണകുമാർ (കേരള ടൂറിസം ഡെവലപ്പ്മെന്റ് അസ്സോസിയേഷൻ)<br><br>ശ്രീ. പാപ്പച്ചൻ (അസ്സോസിയേഷൻ ഓഫ് അപ്പ്രൂവ്ഡ് ആൻഡ് ക്ലാസിഫൈഡ് ഹോട്ടൽസ് ഓഫ് കേരള)<br><br>ശ്രീ. പ്രസാദ് മാഞ്ഞാലി (സൗത്ത് കേരള ഹോട്ടൽ ഫെഡറേഷൻ)<br><br>ശ്രീ. വി. സുനിൽ കുമാർ (പ്രസിഡന്റ്, ഫെഡറേഷൻ ഓഫ് കേരള ഹോട്ടൽസ് അസ്സോസിയേഷൻ)<br><br>ശ്രീ. പ്രദീപ് ചന്ദ്രൻ (ഡെപ്യൂട്ടി ഡയറക്ടർ, മാർക്കറ്റിംഗ്)<br><br>ശ്രീ. സജീവ് കെ.ആർ (ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസർ)<br><br>ശ്രീ. എസ്. ശ്രീകുമാർ (ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസർ)<br><br>കേരളത്തിലെ ടൂറിസം മേഖലയിൽ ഉണ്ടാകുന്ന വരുമാന നഷ്ടം സംബന്ധിച്ച കണക്കുകളും രേഖകളും ഉണ്ടെങ്കിൽ സംഘടനകൾക്ക് സമർപ്പിക്കുവാൻ നിർദ്ദേശം നൽകുകയാണ് യോഗം ചെയ്തത്. |
| (ബി) | ഡ്രൈ ഡേ നിയന്ത്രണങ്ങൾ ഒഴിവാക്കുന്നതു സംബന്ധിച്ച ശിപാർശ മുന്നോട്ടു വച്ചതിന് വിനോദസഞ്ചാര വകുപ്പ് ആധാരമാക്കിയ വസ്തുതകൾ വെളിപ്പെടുത്തുമോ; ഇതു സംബന്ധിച്ച നിലപാട് എക്സൈസ് വകുപ്പിൽ നിന്നും തേടിയിരുന്നോ; വ്യക്തമാക്കുമോ; | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത വിഷയത്തിൽ വേണ്ട തീരുമാനങ്ങൾ എടുക്കുന്നതിനായി യോഗങ്ങൾ നടത്തിയിരുന്നോ; യോഗത്തിൽ പങ്കെടുത്ത വകുപ്പുകൾ, ഉദ്യോഗസ്ഥരുൾപ്പെടെയുള്ള വ്യക്തികൾ എന്നിവരുടെ വിവരങ്ങളും പ്രധാന യോഗ തീരുമാനങ്ങളും എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കുമോ? | (സി) | (എ) പിരിവിന്റെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ